# എറണാകുളം മിസ്സം
# ERNAKULAM MISSAM


English & Malayalam Monthly

Vol. No. 65 | Issue No. 11 | November 2022 | Rs. 15/-





www.ernakulamarchdiocese.org


നവംബർ 30 -ന്
നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന
അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ
ആർച്ചുബിഷപ്പ് ആൻഡ്രൂസ് താഴത്ത് പിതാവിന്
പ്രാർത്ഥനാശംസകൾ!!!

# എറണാകുളം മിസ്സം

## ERNAKULAM MISSAM

English & Malayalam Monthly

Vol. No. 65 Issue No. 11 November 2022 Rs. 15/-




## വിഷയസൂചിക


4. പ്രാർത്ഥനയിൽ അനുസ്മരിക്കാൻ

5. സർക്കുലർ 09/2022

15. നിര്യാതരായി

17. കച്ചേരിക്കാര്യം

18. വാർത്തകളും വിശേഷങ്ങളും

20. വിശ്വാസപരിശീലന കേന്ദ്രം

25. ഫാമിലി അപ്പോസ്റ്റലേറ്റ്

27. സഹൃദയ (അതിരൂപതാ സോഷ്യൽ സർവ്വീസസ്)

31. നൈപുണ്യ ഇന്റർനാഷണൽ

33. അതിരൂപതാ ഡയറി

34. AICO



**Editor: Fr. Biju Varghese**

**Office:**
The Major Archeparchial Curia
Major Archbishop's House, Ernakulam
P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906

**Website & E-mail**
www.ernakulamarchdiocese.org
missamekm@gmail.com

**Printed and Published by**
Fr. Biju Varghese for and on behalf of ARCHBISHOP OF ERNAKULAM and Printed at Viani Printing, Viani Buildings No. XXXIX/1524 , Lisie Hospital Road, Ernakulam Dist., Cochin, Kerala-682018 and Published at Major Archbishop's House, Broadway, Ernakulam, Kerala-682031.

# പ്രാർത്ഥനയിൽ അനുസ്മരിക്കാൻ

| Name & Parish | Birth | Ordn. | Death |
|---|---|---|---|
| Msgr. Panjikaren Joseph, Uzhuva | 1888 | 1918 | 4-11-1949 |
| Fr. Chathaparambil Antony, Kunnumpuram | 1920 | 1955 | 4-11-2010 |
| Fr. Payyappilly Mathai, Konthuruthy | 1883 | 1909 | 6-11-1939 |
| Fr. Kuzhiparambil George, Thaykkattussery | 1937 | 1964 | 8-11-2007 |
| Fr. Paravara Peter, Poonithura | 1909 | 1936 | 10-11-1983 |
| Fr. Cholenkary Gheevarghese, Vadayar | 1902 | 1933 | 11-11-1942 |
| Fr. Annassery George, Vaikom | 1913 | 1940 | 11-11-2003 |
| Fr. Vithayathil Joseph (P), Puthenpally | 1904 | 1933 | 12-11-1991 |
| Fr. Koluvan Payyappilly George, Thuravoor | 1884 | 1913 | 13-11-1966 |
| Fr. Puthussery Paulose, Puthenpally | 1851 | 1875 | 14-11-1930 |
| Fr. Manavalan Paulose, Kuthiathode (Old) | 1859 | 1889 | 14-11-1939 |
| Fr. Nalpat Sebastian, Koratty | 1909 | 1935 | 14-11-1985 |
| Fr. Payyappilly John, Akaparambu | 1916 | 1943 | 14-11-1992 |
| Fr. Menachery Joseph, Narakkal | 1857 | 1887 | 15-11-1943 |
| Fr. Kallarackal Paulose, Vallom | | | 16-11-1867 |
| Fr. Chakiath Paul, Karukutty | 1929 | 1955 | 18-11-2005 |
| Fr. Kareemadom Joseph, Vadayar | 1940 | 1964 | 18-11-2015 |
| Fr. Puduchery Antony, Edad | 1922 | 1945 | 22-11-1977 |
| Fr. Panjikaren Kuruvila, Muttom | 1900 | 1928 | 22-11-1978 |
| Fr. Chakiath Stanislaus, Thundathumkadavu | | | 25-11-1925 |
| Fr. Thaliath V. Thomas, Puthenpally | 1890 | 1918 | 25-11-1945 |
| Fr. Valamangalam Joseph, Kothavara | 1903 | 1932 | 26-11-1963 |
| Fr. Eravimangalam Alexander, Thykkattussery | 1925 | 1952 | 27-11-2008 |
| Msgr. Karedan Abraham, Muringoor | 1929 | 1956 | 28-11-2004 |

## സർക്കുലർ 9/2022

മിശിഹായിൽ പ്രിയ ബഹു. വൈദികരേ, സമർപ്പിതരേ, സഹോദരീ സഹോദരന്മാരേ, വത്സലമക്കളേ,

1. എറണാകുളം-അങ്കമാലി അതിരൂപതയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററായി പരിശുദ്ധ പിതാവ് ഫ്രാൻസീസ് മാർപാപ്പ 2022 ജൂലൈ 30-ന് എന്നെ നിയമിച്ചപ്പോൾ ഭരമേല്പിച്ച പ്രത്യേക ഉത്തരവാദിത്വങ്ങൾ *എറണാകുളം മിസ്സം* വഴി ഇതിനകം നിങ്ങൾ അറിഞ്ഞിരിക്കുമല്ലോ. പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ 2021 ജൂലൈ മൂന്നാം തിയതി ദുക്റാനത്തിരുനാൾ ദിനത്തിൽ സീറോമലബാർ സഭാംഗങ്ങൾക്കായി ഇപ്രകാരം എഴുതി: "പുതിയ റാസകുർബാന തക്സ അംഗീകരിക്കുന്ന ഈ അവസരത്തിൽ സഭയുടെ ഉപരിനന്മയും ഐക്യവും ലക്ഷ്യംവച്ചുകൊണ്ടു പരിശുദ്ധ കുർബാനയുടെ ഏകീകൃത അർപ്പണരീതി ഉടനടി നടപ്പിലാക്കാൻ എല്ലാ വൈദീകരെയും സമർപ്പിതരെയും അല്മായവിശ്വാസികളെയും ഞാൻ ആഹ്വാനം ചെയ്യുന്നു". വീണ്ടും, 2022 മാർച്ച് 25-ാം തിയതി എറണാകുളം-അങ്കമാലി അതിരൂപതയിലെ വൈദീകർക്കും സമർപ്പിതർക്കും അല്മായർക്കുമായി ഫ്രാൻസിസ് മാർപാപ്പ പ്രത്യേകം എഴുതിയ കത്തിലും ഇക്കാര്യം ആവർത്തിക്കുകയുണ്ടായി. സീറോമലബാർസഭയിലെ 35 രൂപതകളിൽ 34 രൂപതകളിലും സിനഡു തീരുമാന പ്രകാരമുള്ള ഏകീകൃത കുർബാന അർപ്പണരീതി ഇതിനകം നടപ്പിലായിക്കഴിഞ്ഞ വിവരം നിങ്ങൾക്കു അറിവുള്ളതാണല്ലോ.

2. പരിശുദ്ധ മാർപാപ്പയുടെയും പരിശുദ്ധസിംഹാസനത്തിന്റെയും മാർഗനിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ പരിശുദ്ധ കുർബാനയുടെ ഏകീകൃത അർപ്പണരീതിയെക്കുറിച്ചുള്ള സിനഡുതീരുമാനം ഉടനടി നടപ്പിലാക്കാൻ പരിശുദ്ധ സിംഹാസനം 2022 സെപ്റ്റംബർ 20-ന് എഴുതിയ കത്തുവഴി വീണ്ടും ആവശ്യപ്പെട്ടിരിക്കുകയാണ്. പരിശുദ്ധ സിംഹാസനത്തിന്റെ കത്തു അന്യത്ര കൊടുത്തിരിക്കുന്നു. അതിന്റെ പ്രസക്തഭാഗമാണ് ഇവിടെ നൽകിയിരിക്കുന്നത്.

> "സീറോമലബാർസഭയിലെ മെത്രാൻസിനഡിന്റെ തീരുമാന പ്രകാരമുള്ള വിശുദ്ധ കുർബാനയുടെ ഏകീകൃതഅർപ്പണ രീതി നടപ്പിലാക്കുന്നതു സംബന്ധിച്ച് എറണാകുളം-

അങ്കമാലി അതിരൂപതയിലെ വൈദികരിൽനിന്നും അല്മായ വിശ്വാസികളിൽനിന്നും ഈ കാര്യാലയത്തിലേക്കു കത്തുകളും നിവേദനങ്ങളും തുടർന്നും ലഭിച്ചുകൊണ്ടിരിക്കുകയാണ്.

വ്യത്യസ്ത ആരാധനാക്രമരീതി (Liturgical Variant) അംഗീകരിക്കണമെന്നുള്ള അഭ്യർത്ഥന ഉൾപ്പെടെയുള്ള വിവിധതരത്തിലുള്ള നിലപാടുകളുടെ പശ്ചാത്തലത്തിൽ, അങ്ങയെ എറണാകുളം-അങ്കമാലി അതിരൂപതയുടെ *സേദെ പ്ലേന* അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററായി നിയമിച്ചപ്പോൾ അങ്ങേയ്ക്കു നൽകപ്പെട്ട നിർദ്ദേശങ്ങൾ (Prot. N. 130/2022 dated 30 July 2022) റോമൻ കൂരിയായിലെ ഈ കാര്യാലയം വീണ്ടും ആവർത്തിക്കുന്നു. സിനഡൽ രീതി നടപ്പിലാക്കാനുള്ള ഫലപ്രദമായ ബോധനം കൊടുക്കുക എന്ന ലക്ഷ്യത്തോടെ CCEO c. 1538 §1 പ്രകാരമുള്ള ഒഴിവുകൾ (Dispensations), ഇക്കാര്യത്തെക്കുറിച്ച് ഇതിനകം നൽകപ്പെട്ട വ്യക്തമായ നിർദേശങ്ങൾ പ്രകാരം (Cf. letter Prot. N. 248/2004 dated 9 November 2020), നൽകാവുന്നതാണ്.

കൂടുതലായ ഏതെങ്കിലും അജപാലനപരമായ പ്രായോഗിക കാര്യങ്ങൾ അഭിവന്ദ്യ പിതാവിന്റെ വിവേകപൂർണ്ണമായ വിലയിരുത്തലിനു വിടുമ്പോൾത്തന്നെ, ഇക്കാര്യത്തിലുള്ള തത്ത്വങ്ങളെക്കുറിച്ചുള്ള ആശയക്കുഴപ്പം അവസാനിപ്പിക്കേണ്ടതും എല്ലാ മെത്രാന്മാരും വൈദികരും സമർപ്പിതരും അല്മായരും ആരാധനക്രമത്തെക്കുറിച്ചുള്ള സിനഡൽ തീരുമാനം അനുസരിക്കാൻ ബാധ്യസ്ഥരാണെന്നു (Cf. cann. 150 § 2 and 199 § 1, CCEO) സംശയാതീതമായി വ്യക്തമാക്കേണ്ടതും ആവശ്യമാണെന്നു മനസിലാക്കുന്നു. അതിനാൽ, എറണാകുളം-അങ്കമാലി അതിരൂപതയ്ക്കുവേണ്ടി വ്യത്യസ്ത ആരാധനക്രമരീതി (Liturgical Variant) എന്നത് തള്ളിക്കളയുന്നു. പരിശുദ്ധ സിംഹാസനത്തിൽനിന്നു ഇതിനുമുമ്പു നൽകപ്പെട്ട നിർദേശങ്ങളും, പ്രത്യേകിച്ച് 2022 മാർച്ച് 25-ന് പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ അതിരൂപതയെ അഭിസംബോധനചെയ്തു നൽകിയ പ്രബോധനവും മുകളിൽപ്പറഞ്ഞ നിർദ്ദേശങ്ങളും പ്രകാരം, ഏകീകൃത കുർബാന അർപ്പണരീതി

യെക്കുറിച്ചുള്ള സിനഡുതീരുമാനം, അജപാലനപരവും പിതൃസഹവുമായ വിവേകത്തോടെ, കൂടുതൽ കാലതാമസമില്ലാതെ അഭിവന്ദ്യ പിതാവ് നടപ്പിലാക്കേണ്ടതാണ്. പിന്നീട്, അങ്ങു സ്വീകരിച്ച നടപടികളെക്കുറിച്ചു ഈ കാര്യാലയത്തിലേക്കു ദയവായി റിപ്പോർട്ടു ചെയ്യുക."

3. മാർപാപ്പയുടെയും പരിശുദ്ധ സിംഹാസനത്തിന്റെയും മാർഗനിർദേശങ്ങളുടെയും സിനഡുതീരുമാനങ്ങളുടെയും വെളിച്ചത്തിൽ താഴെപ്പറയുന്നവ നമ്മുടെ അതിരൂപതയിൽ ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്:

3.1. സിനഡുതീരുമാനമനുസരിച്ചുള്ള ഏകീകൃതരീതി വിശുദ്ധ കുർബാനർപ്പണത്തിൽ പാലിക്കേണ്ടതാണ്.

3.2. ഏകീകൃത കുർബാനയർപ്പണരീതി ഉടൻ നടപ്പിലാക്കാൻ ബുദ്ധിമുട്ടുള്ള ഇടവകകളിലും സമർപ്പിതസമൂഹങ്ങളിലും പള്ളിയോഗത്തിന്റെ (പാരിഷ് കൗൺസിലിന്റെ)/കൗൺസിലിന്റെ നിർദ്ദേശങ്ങൾ കണക്കിലെടുത്ത്, ഏകീകൃത കുർബാനയർപ്പണരീതിയെക്കുറിച്ചു ബോധനം നൽകുക എന്ന ലക്ഷ്യത്തോടെ, പരിശുദ്ധ സിംഹാസനം നൽകിയ നിബന്ധനകൾക്കനുസരിച്ചു, ബന്ധപ്പെട്ട വികാരി/അധികാരി CCEO 1538 §1 കാനൻ പ്രകാരമുള്ള ഒഴിവിനു (Dispensation) അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർക്ക്/അതിരൂപതാകാര്യാലയത്തിലേക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്.

3.3. ഡിസ്പെൻസേഷൻ ലഭിച്ചിട്ടുള്ള ഇടവകയോ സമൂഹമോ ആണെങ്കിലും, സീറോമലബാർ മെത്രാന്മാർക്കു സിനഡുതീരുമാനിച്ച ഏകീകൃതരീതി എപ്പോഴും വിശുദ്ധ കുർബാനയർപ്പണത്തിൽ പാലിക്കേണ്ടതിനാൽ അതിനുള്ള സൗകര്യങ്ങൾ മെത്രാന്മാർ വരുമ്പോൾ ചെയ്തുകൊടുക്കേണ്ടതാണ്. "കൂടാതെ, ഇടവക വികാരിയെ യഥാസമയം അറിയിച്ചുകൊണ്ടും അതുവഴി വിശ്വാസികൾക്ക് അറിയിപ്പു കൊടുത്തുകൊണ്ടും, മൃതസംസ്കാരശുശ്രൂഷകളുടെയും കൂദാശകളുടെ പരികർമ്മത്തിന്റെയും അവസരങ്ങളിൽ ഇടവക സന്ദർശിക്കുന്ന മെത്രാൻമാരെയോ വൈദികരെയോ ഏകീകൃതരീതിയിൽ വിശുദ്ധ കുർബാന അർപ്പിക്കുന്നതിൽനിന്നു തടയാൻ

പാടുള്ളതല്ല"എന്നത് പരിശുദ്ധ സിംഹാസനം നൽകിയിരിക്കുന്ന നിർദ്ദേശമാണ്. പുത്തൻകുർബാന അർപ്പിക്കുന്ന നവവൈദികരും ഏകീകൃതരീതിയിൽ മാത്രമേ കുർബാന അർപ്പിക്കാൻ പാടുള്ളൂ.

3.4. ഏകീകൃത കുർബാനയർപ്പണരീതി എവിടെയൊക്കെ ഉടൻ നടപ്പിലാക്കണമെന്നു പരിശുദ്ധ സിംഹാസനം പറയുന്നത് ഇപ്രകാരമാണ്: "എന്നിരുന്നാലും, കത്തീഡ്രൽ ദൈവാലയം, പരിശീലനകേന്ദ്രങ്ങളായ സെമിനാരികൾ, പ്രത്യേക പ്രാധാന്യമുള്ള ദൈവാലയങ്ങൾ, തീർത്ഥാടനകേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ 50:50 എന്ന അർപ്പണരീതി ഉടനടി നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടത് ആവശ്യമാണ് (50:50 അർപ്പണരീതി എന്നതുകൊണ്ടു ഇവിടെ ഉദ്ദേശിക്കുന്നത് സിനഡുതീരുമാനപ്രകാരം വചനശുശ്രൂഷയും (Liturgy of the Word) സമാപനശുശ്രൂഷയും വചനവേദിയിൽവച്ചു കാർമ്മികൻ ജനാഭിമുഖമായും കുർബാനയർപ്പണത്തിലെ കൂദാശാഭാഗം ഉൾക്കൊള്ളുന്ന ഭാഗം (Liturgy of the Eucharist) ജനങ്ങളോടൊപ്പം കാർമ്മികൻ അൾത്താരാഭിമുഖമായും എന്നതാണ്). എന്നാൽ, 2022 ഓഗസ്റ്റ് 24-ാം തീയ്യതി പരിശുദ്ധ സിംഹാസനം പ്രത്യേകം നൽകിയ അനുവാദപ്രകാരം, ബന്ധപ്പെട്ട വികാരി രേഖാമൂലം ആവശ്യപ്പെടുന്നപക്ഷം കത്തീഡ്രലിലും (ബസിലിക്ക) തീർത്ഥാടനകേന്ദ്രങ്ങളിലും സിനഡ് അംഗീകരിച്ച രീതിയിൽ ഞായറാഴ്ചകളിലും കടമുള്ള ദിവസങ്ങളിലും ഒരു കുർബാനയെങ്കിലും അർപ്പിച്ചു മേല്പറഞ്ഞ മാർഗനിർദ്ദേശം പടിപടിയായി നടപ്പിലാക്കാനുള്ള പ്രത്യേക അനുവാദം, അടുത്തുവരുന്ന മംഗളവാർത്തക്കാലത്തിന്റെ (2022) ആരംഭംവരെയുള്ള കാലഘട്ടത്തിലേക്കു നൽകുന്നതാണ്.

4. റാസ, ആഘോഷപൂർവ്വകമായ കുർബാന, സാധാരണ കുർബാന എന്നീ മൂന്നു രൂപങ്ങളിലും കുർബാന അർപ്പിക്കുമ്പോൾ അംഗീകരിച്ച തക്സയും വചനവേദിയും ബലിവേദിയും ഉപയോഗിക്കുകയും, തക്സയിൽ കൊടുത്തിട്ടുള്ളതുപോലെ, സാഹചര്യമനുസരിച്ച് കാർമ്മികന് നിശ്ചയിക്കാവുന്ന ഐച്ഛികങ്ങൾ (Options) ഉപയോഗിക്കുകയും ചെയ്യാവുന്നതാണ്.

5. സീറോമലബാർസിനഡുനിർദ്ദേശമനുസരിച്ചു രൂപതാധ്യക്ഷനു നിശ്ച യിക്കാവുന്ന ഒഴിവുകൾ (Dispensations) പ്രകാരം നമ്മുടെ അതിരൂപത യിലെ ദൈവാലയങ്ങളിൽ മദ്ബഹാവിരി ഉപയോഗിക്കുന്നില്ല. ത്രിത്വ സ്തുതിയോടെ കുരിശുവരച്ചു കുർബാന ആരംഭിക്കാവുന്നതാണ്. വിവിധകാലങ്ങൾ, തിരുനാളുകൾ എന്നിവയ്ക്ക് അനുയോജ്യമായും അവസരോചിതമായും ഉപയോഗിക്കാവുന്ന മാറിമാറിവരുന്ന പ്രോപ്രിയ പ്രാർത്ഥനകൾ തക്സയിൽ നൽകിയിട്ടുണ്ട്.

6. നമ്മുടെ അതിരൂപതയിൽ ഇപ്പോൾ അനുഷ്ഠിച്ചുപോരുന്ന വിശുദ്ധ രോടുള്ള വണക്കം, പരിശുദ്ധ കുർബാനയുടെ ആരാധന, കുരിശിന്റെ വഴി, ജപമാല തുടങ്ങിയ ഭക്താഭ്യാസങ്ങളും നിലവിലുള്ളതുപോലെ സക്രാരിയുടെ സ്ഥാനവും തിരുസ്വരൂപങ്ങളും ക്രൂശിതരൂപം അടക്കമുള്ള അംഗീകരിച്ച കുരിശുകളും സഭ അംഗീകരിക്കുന്ന മറ്റെല്ലാഭക്താഭ്യാസ ങ്ങളും തുടരുന്നതാണ്. സഭയോടുചേർന്ന് മിശിഹാകേന്ദ്രീകൃതവും പരിശുദ്ധ കുർബാന കേന്ദ്രീകൃതവുമായ സ്വർഗോന്മുഖജീവിതം നയിക്കാൻ ഈ ഭക്താഭ്യാസങ്ങൾ സഹായകമാകുന്നു.

7. എറണാകുളം-അങ്കമാലി അതിരൂപതയിലെ മെത്രാന്മാർക്കും വൈദി കർക്കും സമർപ്പിതർക്കും ദൈവജനം മുഴുവനുമായി മാർപ്പാപ്പ 2022 മാർച്ച് 25-ന് എഴുതിയ കത്തിലെ വാക്കുകൾ ഉദ്ധരിച്ചുകൊണ്ട് ഈ സർക്കുലർ ഉപസംഹരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

> "വൈഷമ്യം നിറഞ്ഞതും വേദനാജനകവുമായ ഒരു ചുവടു വയ്ക്കാൻ ഞാൻ നിങ്ങളോടു ആവശ്യപ്പെടുകയാണ് എന്നു ഞാൻ തിരിച്ചറിയുന്നു; എന്നാൽ, കർത്താവിന്റെ സ്വരം ശ്രവി ക്കാനും മാർപാപ്പയുടെ ഉപദേശത്തിലും അഭ്യർഥനയിലും വിശ്വാസമർപ്പിക്കാനും തയ്യാറുള്ള പുരോഹിതരുടെയും അല്മായ വിശ്വാസികളുടെയും മാതൃക ഞാൻ നിങ്ങളിൽ കാണുമെന്ന് എനിക്ക് ഉറപ്പുണ്ട്. ഇതു സീറോമലബാർസഭ യുടെ നൂറ്റാണ്ടുകളിലൂടെ പ്രകടമായിട്ടുള്ള വ്യതിരിക്ത സ്വഭാവ സവിശേഷതയാണ്. ഒട്ടേറെ ചരിത്രപരമായ തെറ്റിദ്ധാരണകൾ മറികടക്കാനും നമ്മുടെ കാലത്ത് ദൈവവിളിയും പ്രേഷിതോ ത്സാഹവും പുഷ്ടിപ്പെടുത്താനും നിങ്ങളുടെ വിശ്വസ്തത ഇടയാക്കിയിട്ടുണ്ട്. നിങ്ങൾ ചെയ്യുന്ന ത്യാഗം കർത്താവു മറക്കുകയില്ല, ഒടുവിൽ അവിടത്തെ അനുഗ്രഹങ്ങളുടെ സമൃ

ദ്ധിയിലേക്കു നിങ്ങളുടെ ഹൃദയങ്ങൾ തുറക്കപ്പെടും."

"നിങ്ങളുടെ വിശ്വസ്തതയിലും അനുസരണത്തിലും വിശ്വാസ മർപ്പിച്ചുകൊണ്ട്, പൗരോഹിത്യ അഭിഷേകത്തിലൂടെ കൈവന്ന പ്രത്യേക ബാധ്യത ഓർമിപ്പിച്ചുകൊണ്ട്, നിങ്ങൾക്കെല്ലാവർ ക്കുംമേൽ കർത്താവിന്റെ അനുഗ്രഹം ഞാൻ പ്രാർഥിക്കുന്നു, ദയവായി എനിക്കുവേണ്ടി പ്രാർത്ഥിക്കാനും അഭ്യർത്ഥി ക്കുന്നു."

ഈശോയുടെ തിരുഹൃദയത്തിന്റെ സ്നേഹവും കൃപയും പരിശുദ്ധ കന്യകാമറിയത്തിന്റെയും മാർതോമാശ്ലീഹായുടെയും മധ്യസ്ഥതയിൽ നിങ്ങൾക്കേവർക്കും ആശംസിക്കുന്നു. ദൈവം നിങ്ങളെ അനുഗ്രഹി ക്കട്ടെ!

എറണാകുളം-അങ്കമാലി അതിരൂപതാകാര്യാലയത്തിൽ നിന്നു 2022 സെപ്റ്റംബർ 30-ാം തിയതി നൽകപ്പെട്ടത്.

sd/-

**ആർച്ചുബിഷപ്പ് ആൻഡ്രൂസ് താഴത്ത്**
എറണാകുളം-അങ്കമാലി അതിരൂപതയുടെ
അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ

--------------------------

NB. ഈ സർക്കുലർ 2022 ഒക്ടോബർ 9 ഞായറാഴ്ച എറണാകുളം-അങ്കമാലി അതിരൂപതയിലെ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും സമർപ്പിതസമൂഹങ്ങളിലും വായിക്കുന്നതിനായി നൽകിയത്.

CONGREGATIO
PRO ECCLESIIS ORIENTALIBUS

*Dicastero dal 5 giugno 2022*

00193 Roma
Via della Conciliazione, 34
Indirizzo postale: 00120 Città del Vaticano

September 20, 2022

Prot. N. 130/2022

Your Grace,

This Dicastery continues to receive letters and petitions from clergy and lay faithful of the Archeparchy of Ernakulam-Angamaly about the implementation of the decision of the Synod of Bishops of the Syro-Malabar Church regarding the unitary mode of celebrating Holy *Qurbana*.

In the context of these various positions, including the request for the recognition of a "liturgical variant", this Institution of the Roman Curia reiterates the instructions addressed to Your Grace (Prot. N. 130/2022, dated 30 July 2022) at the time of your appointment as Apostolic Administrator *Sede Plena* of the Archeparchy. Dispensations as per can. 1538 §1 CCEO may be granted in accordance with the specifications already given on the matter (Cf. letter Prot. N. 248/2004, dated 9 November 2020), with the intention of imparting effective catechesis for the implementation of the Synodal form.

While leaving any additional pastoral practicalities to the prudential judgment of Your Grace, it seems necessary immediately to end confusion about the principles and to make clear beyond any doubt that all the bishops, priests, religious and laity are obliged to comply with the Synodal decision on the Sacred Liturgy (Cf. cann. 150 §2 and 199 §1 CCEO). A liturgical variant for the Archeparchy of Ernakulam-Angamaly is therefore excluded. Your Grace should implement with pastoral and paternal prudence the Synodal decision on the uniform mode without further delays, following the previous directives of the Apostolic See, especially the Paternal Exhortation addressed to the Archeparchy by His Holiness Pope Francis on 25 March 2022 and the abovementioned instructions. Please report to this Dicastery afterwards about the measures you have taken.

This Dicastery remains at your disposition for any assistance, with prayerful best wishes and cordial regards.

Sincerely yours in Christ,

✠ Leonardo Card. Sandri
Prefect

✠ Giorgio Demetrio Gallaro
Archbishop Secretary

His Grace Mar Andrews THAZHATH
Apostolic Administrator *Sede Plena*
of the Archeparchy of Ernakulam-Angamaly
Ernakulam, Post Box N. 2580
KOCHI 682 031, Kerala, India

(ഫ്രാൻസിസ് മാർപ്പാപ്പ 25-3-2022ന് എറണാകുളം-അങ്കമാലി അതിരൂപതയിലെ ദൈവജനത്തിനു നൽകിയ അപ്പസ്തോലിക കത്തിന്റെ മലയാള പരിഭാഷ)

## മേജർ ആർച്ച്ബിഷപ്പ്, മേജർ ആർച്ച്ബിഷപ്പിന്റെ വികാരി, എറണാകുളം-അങ്കമാലി അതിരൂപതയിലെ വൈദികർ, സന്യസ്തർ, അൽമായ വിശ്വാസികൾ എന്നിവർക്ക്

മാനവരാശിയുടെ രക്ഷയ്ക്കായി, താഴ്ത്തപ്പെടലിലേക്കും പീഡാസഹനത്തിലേക്കും നടന്നുനീങ്ങുന്ന, പിതാവിന്റെ ഇച്ഛ പൂർത്തീകരിക്കാൻ കയ്പുനിറഞ്ഞ പാനപാത്രത്തിൽനിന്നു പാനംചെയ്യാൻ സന്നദ്ധനാകുന്ന കർത്താവിനെ, കൂടുതൽ ആധികാരികതയോടും ഉത്തരവാദിത്വത്തോടുംകൂടി അനുഗമിക്കാൻ ഈസ്റ്റർ ഒരുക്കത്തിന്റെ ഈ വിശുദ്ധ കാലം നമ്മെ ക്ഷണിക്കുകയാണ്.

മാനവരാശിക്ക് ഉടമ്പടിയുടെ പൂർണതയിലേക്ക് പ്രവേശിക്കാനും മുന്നേറാനും  വേണ്ടി നേട്ടത്തിന്റെ, വിജയത്തിന്റെ, മിശിഹാമഹത്വത്തിന്റെ മാനുഷിക അവകാശവാദങ്ങളിൽനിന്നു ക്രിസ്തു പിൻവാങ്ങുന്നു. വിനയവും എളിമയും നിറഞ്ഞ സ്നേഹത്താൽ അവിടന്ന് വിജയംവരിക്കുന്നു: കുരിശിൽ സർവം ഉരിഞ്ഞെടുക്കപ്പെട്ടുവെങ്കിലും, പിതാവുമായുള്ള അവിടത്തെ ബന്ധമെന്ന, ഏറ്റവും സുപ്രധാനമായ ഒന്ന്, ആർക്കും കവർന്നെടുക്കാനാകില്ല. പിതാവിന്റെ ആ പ്രതികരണമാണു പാപത്തിന്മേൽ, മരണത്തിന്മേലുള്ള ഈശോയുടെ വിജയമുണ്ടാകുന്ന ഈസ്റ്റർ പുലരി. വൈവിധ്യമാർന്ന ആരാധനക്രമ പാരമ്പര്യങ്ങൾ ആലപിക്കുന്ന "ഹല്ലേലുയ്യ", ക്രിസ്തുവിനോടൊപ്പം ഉയിർപ്പിക്കപ്പെട്ട മാനവരാശി പരിശുദ്ധ ത്രിത്വത്തിന് ഉയർത്തുന്ന കൂട്ടായ്മയുടെയും സ്തുതിയുടെയും കീർത്തനമാണ്; അത്  ആർക്കെങ്കിലും എന്തിനെങ്കിലും എതിരേയുള്ളതല്ല.

ഒരു സഭയെന്ന നിലയിൽ, നാമെല്ലാവരും  - മെത്രാന്മാർ, വൈദികർ, ഡീക്കൻമാർ, അൽമായ വിശ്വാസികൾ - ആഘോഷിക്കുന്ന രഹസ്യ

ത്തിന്റെ സത്ത മറക്കാൻ പലപ്പോഴും പ്രലോഭിതരാകുന്നു: നാം ഈശോയെക്കുറിച്ചു സംസാരിക്കുന്നു, സൈദ്ധാന്തികമായി നമുക്ക് അവിടത്തെക്കുറിച്ച് വളരെയേറെ അറിയാം. എങ്കിലും അവിടത്തോടൊപ്പം ജീവിക്കാൻ, അവിടത്തെ ഇഷ്ടപ്പെടാൻ, താഴ്ത്തപ്പെടലിന്റെ പാതയും കുരിശിന്റെ വഴിയും അംഗീകരിക്കാൻ നമുക്കാകണം. നമുക്കു വിഘടിച്ചുജീവിക്കാനാകില്ല. നമുക്കു വിഭജനം സൃഷ്ടിക്കാനാവില്ല. നമുക്കൊരു വിവാദത്തിന്റെ പ്രഭവമാകുന്നതിനു നിന്നുകൊടുക്കാനാകില്ല.

നിങ്ങളുടെ സഭയുടെ ആരാധനക്രമം നിർണയിക്കാൻ പരമോന്നതാധികാരമുള്ള സീറോമലബാർ മേജർ ആർക്കിഎപ്പിസ്കോപ്പൽ സഭയുടെ മെത്രാൻ സിനഡ്, കുറച്ചുവർഷങ്ങൾക്കുമുമ്പു നിർദേശിച്ച രീതിയിൽ ഏതാനും ആരാധനക്രമഗ്രന്ഥങ്ങൾ അംഗീകരിക്കുക മാത്രമല്ല, ആഘോഷങ്ങളുടെ രീതി നിർണയിക്കുകയും ചെയ്തിരുന്നു. നിങ്ങളുടെ സഭയുടെ വൈവിധ്യമുള്ള പശ്ചാത്തലങ്ങളുമായി ബന്ധപ്പെട്ട, ഭിന്നങ്ങളായ പാരമ്പര്യങ്ങളെക്കുറിച്ചു പൂർണ അവബോധത്തോടെ, അവരവരുടെ ആരാധനാരീതികളിൽനിന്ന് ഒരുചുവടു പിന്നോട്ടു വയ്ക്കാനും അങ്ങനെ കൂട്ടായ്മയുടെ അടയാളം പ്രകടമാക്കാനും കൂടുതൽ മഹത്തരമായ സ്നേഹത്തിനും സാക്ഷ്യത്തിനും വേണ്ടി ഇതിലുൾപ്പെട്ട എല്ലാവരും അവരുടെ സ്വന്തമായ ചില പ്രത്യേകതകൾ ത്യാഗം ചെയ്യാനും നിർദേശിക്കപ്പെട്ടിരുന്നു.

വിശുദ്ധ കുർബാന നടപ്പിലാക്കാൻ തെരഞ്ഞെടുക്കപ്പെട്ട തീയതിയായ 2021 നവംബർ 28 മുതൽ സിനഡിന്റെ തീരുമാനം നടപ്പിൽവരുത്താൻ 34 രൂപതകൾ തീരുമാനിച്ചിരുന്നു. നിങ്ങളുടെ കാര്യത്തിൽ ഇതുണ്ടായില്ലെന്നതു ഖേദകരമാണ്. പകരം നിങ്ങൾ, ശ്രദ്ധാപൂർവമായ വിചിന്തനത്തോടെയാണെങ്കിലും, സീറോമലബാർസഭയിലെ മറ്റുള്ളവരിൽനിന്ന് ഒറ്റപ്പെട്ട്, പ്രത്യേക ആരാധനക്രമരീതി തുടരാൻ തീരുമാനിച്ചു. എന്നിരുന്നാലും, ക്രൈസ്തവവിശ്വാസികൾ എന്ന നിലയിൽ, നമ്മുടെ പെരുമാറ്റം, എങ്ങനെ വിയോജിപ്പു പ്രകടിപ്പിക്കുന്നു, വൈഷമ്യങ്ങളെയും താഴ്ത്തപ്പെടലിനെയും എങ്ങനെ സ്വീകരിക്കുന്നു, എങ്ങനെ ഒരു ചുവടു പിന്നോട്ടുവയ്ക്കുന്നു എന്നിങ്ങനെസ്വയം ചോദിക്കുന്നതു നന്നായിരിക്കും. ഇതു കർത്താവിലേക്കു നോക്കി, അവിടത്തെ ഉത്

കണ്ഠയിലും പീഡാസഹനത്തിലും തുടങ്ങി അവിടത്തോടൊപ്പം പെസഹാരഹസ്യം ഒരുമിച്ചനുഭവിക്കാനും ആഘോഷിക്കാനുമുള്ള സന്നദ്ധതയോടെയാകണം; അല്ലാതെ, വിജയത്തിന്റെയോ പരാജയത്തിന്റെയോ അഥവാ ഒരു ഗ്രൂപ്പിനെതിരേ മറ്റൊന്ന് എന്ന മാനുഷികമാനദണ്ഡത്തിനോ അനുസൃതമായിട്ടാകരുത്.

അതിനാൽ, സിനഡ് നിശ്ചയിച്ചപ്രകാരം, വി. കുർബാനയാഘോഷത്തിന്റെ രൂപം എങ്ങനെയാകണമെന്ന സിനഡിന്റെ തീരുമാനം 2022 ഈസ്റ്ററിനു മുമ്പായി താമസംവിനാ നടപ്പാക്കാൻ പിതൃനിർവിശേഷമായി ഉദ്ബോധിപ്പിച്ചുകൊണ്ടു ഞാൻ നിങ്ങൾക്കെഴുതുന്നു. മറ്റിടങ്ങളിൽ ചെയ്തതുപോലെ ഉചിതമായ ബോധനം നൽകാനായി, അതുവഴി മാറ്റങ്ങൾ അംഗീകരിക്കാനായി എല്ലാവരും തയ്യാറാകുന്നതിന്, ചില ഇടവകകൾക്കു കൂടുതൽ സമയം വേണ്ടിവരാൻ സാധ്യതയുണ്ട്. സിനഡിന്റെ തീരുമാനം ചോദ്യം ചെയ്യപ്പെടാത്തിടത്തോളം ഇത് മനസിലാക്കാവുന്നതാണ്. അതിരൂപതയുടെ മെത്രാപ്പോലീത്തയായ മേജർ ആർച്ച്ബിഷപ്പിനോടോ മേജർ ആർച്ച്ബിഷപ്പിന്റെ അംഗീകാരത്തോടെ അദ്ദേഹത്തിന്റെ വികാരിയോടോ നിയമം അനുവദിക്കുംവിധം ആവശ്യമായ ഈ ഇളവു ചോദിക്കാവുന്നതാണ്. പൗരസ്ത്യസഭകളുടെ കാനൻ നിയമസംഹിതയ്ക്കനുസൃതമായി നിശ്ചയിക്കപ്പെട്ട സമയത്തേയ്ക്കുമാത്രമേ ഈ ഇളവു നൽകാനാകൂ.

വൈഷമ്യം നിറഞ്ഞതും വേദനാജനകവുമായ ഒരു ചുവടുവയ്ക്കാൻ ഞാൻ നിങ്ങളോടു ആവശ്യപ്പെടുകയാണ് എന്നു ഞാൻ തിരിച്ചറിയുന്നു; എന്നാൽ, കർത്താവിന്റെ സ്വരം ശ്രവിക്കാനും മാർപാപ്പയുടെ ഉപദേശത്തിലും അഭ്യർഥനയിലും വിശ്വാസമർപ്പിക്കാനും തയ്യാറുള്ള പുരോഹിതരുടെയും അൽമായവിശ്വാസികളുടെയും മാതൃക ഞാൻ നിങ്ങളിൽ കാണുമെന്ന് എനിക്ക് ഉറപ്പുണ്ട്. ഇതു സീറോമലബാർസഭയുടെ നൂറ്റാണ്ടുകളിലൂടെ പ്രകടമായിട്ടുള്ള വ്യതിരിക്ത സ്വഭാവസവിശേഷതയാണ്. ഒട്ടേറെ ചരിത്രപരമായ തെറ്റിദ്ധാരണകൾ മറികടക്കാനും നമ്മുടെ കാലത്ത് ദൈവവിളിയും പ്രേഷിതോത്സാഹവും പുഷ്ടിപ്പെടുത്താനും നിങ്ങളുടെ വിശ്വസ്തത ഇടയാക്കിയിട്ടുണ്ട്. നിങ്ങൾ ചെയ്യുന്ന ത്യാഗം കർത്താവു മറക്കുകയില്ല, ഒടുവിൽ അവിടത്തെ അനുഗ്രഹങ്ങളുടെ സമൃദ്ധിയിലേക്കു നിങ്ങളുടെ ഹൃദയങ്ങൾ തുറക്കപ്പെടും. അങ്ങനെ സങ്കീർത്തനവചനങ്ങൾ നിങ്ങളിൽ അന്വർത്ഥമാകും: "വിത്തു ചുമന്നു

കൊണ്ടു വിലാപത്തോടെ വിതയ്ക്കാൻ പോകുന്നവർ കറ്റ ചുമന്നു കൊണ്ട് ആഹ്ലാദത്തോടെ വീട്ടിലേക്കു മടങ്ങും" (126:6). നിങ്ങൾ ആയിരിക്കുന്ന അതിലോലസാഹചര്യത്തിൽ വിഭജനത്തിന്റെ എല്ലാ വിവാദങ്ങൾക്കും പ്രതിസാക്ഷ്യങ്ങൾക്കുമുപരി നാം കർത്താവിൽ വിതച്ചാൽ അവിടത്തോടൊത്തു കൊയ്യാം; നാം കാറ്റു വിതച്ചാൽ കൊടുങ്കാറ്റ് കൊയ്യും.

നിങ്ങളുടെ വിശ്വസ്തതയിലും അനുസരണത്തിലും വിശ്വാസമർപ്പിച്ചു കൊണ്ട്, പൗരോഹിത്യ അഭിഷേകത്തിലൂടെ കൈവന്ന പ്രത്യേക ബാധ്യത ഓർമിപ്പിച്ചുകൊണ്ട്, നിങ്ങൾക്കെല്ലാവർക്കുംമേൽ കർത്താവിന്റെ അനുഗ്രഹം ഞാൻ പ്രാർഥിക്കുന്നു, ദയവായി എനിക്കുവേണ്ടി പ്രാർഥിക്കാനും അഭ്യർഥിക്കുന്നു.

sd/-

റോമിലെ സെന്റ് ജോൺ ലാറ്ററൻ, 2022 മാർച്ച് 25
ഫ്രാൻസിസ് മാർപാപ്പ

കർത്താവിന്റെ മംഗളവാർത്താതിരുനാൾ

---



## നിര്യാതരായി



**ബ്രദർ സെബാസ്റ്റ്യൻ പുത്തൻപുരക്കൽ CST**
സി.എസ്.റ്റി. ജനറലേറ്റ്, അങ്കമാലി സൗത്ത്

ജനനം : 10-04-1961
നിത്യവ്രതം : 17-05-1990
മരണം : 06-10-2022



**സി. ദാനിയേൽ CSN**
സിസ്റ്റേഴ്സ് ഓഫ് നസ്രത്ത്, പാദുവാപുരം

ജനനം : 06-11-1947
ആദ്യവ്രതം : 31-05-1971
മരണം : 11-10-2022



**സി. വിൻസി പീറ്റർ FCC**

എസ്.എച്ച്. പ്രോവിൻസ്, എറണാകുളം

| | | |
|---|---|---|
| ജനനം | : | 16-03-1939 |
| വ്രതവാഗ്ദാനം | : | 05-02-1969 |
| മരണം | : | 28-10-2022 |



**സി. എൽസ ജോൺ FCC**

എസ്.എച്ച്. പ്രോവിൻസ്, എറണാകുളം

| | | |
|---|---|---|
| ജനനം | : | 21-12-1940 |
| വ്രതവാഗ്ദാനം | : | 02-05-1967 |
| മരണം | : | 21-10-2022 |



**സി. സിസിൽ ക്ലെയർ FCC**

എസ്.എച്ച്. പ്രോവിൻസ്, എറണാകുളം

| | | |
|---|---|---|
| ജനനം | : | 14-07-1941 |
| വ്രതവാഗ്ദാനം | : | 07-05-1963 |
| മരണം | : | 07-10-2022 |



**സി. ലെറ്റീഷ്യ MSJ**

(അന്ന വർക്കി മുളയ്ക്കൽ, തൈക്കാട്ടുശ്ശേരി)

നിർമ്മല പ്രോവിൻസ്, ആലുവ

| | | |
|---|---|---|
| ജനനം | : | 22-09-1924 |
| വ്രതവാഗ്ദാനം | : | 29-10-1953 |
| മരണം | : | 27-09-2022 |



**സി. ശോഭന MSJ**

(മേരിക്കുട്ടി പൂണോലിൽ, ചേരാനല്ലൂർ)

നിർമ്മല പ്രോവിൻസ്, ആലുവ

| | | |
|---|---|---|
| ജനനം | : | 17-10-1956 |
| വ്രതവാഗ്ദാനം | : | 08-12-1976 |
| മരണം | : | 02-09-2022 |

## കച്ചേരിക്കാര്യം

## നാമഹേതുകത്തിരുനാൾ

നവംബർ 30-ാം തീയതി നാമഹേതുകത്തിരുനാൾ ആഘോഷിക്കുന്ന എറണാകുളം-അങ്കമാലി അതിരൂപതാ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ ആർച്ചുബിഷപ് ആൻഡ്രൂസ് താഴത്ത് പിതാവിന് അതിരൂപതയുടെ പേരിൽ സ്നേഹനിർഭരമായ ആശംസകളും പ്രാർത്ഥനകളും നേരുന്നു. അന്നേദിവസം അഭിവന്ദ്യ പിതാവിനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കണമെന്ന് എല്ലാവരേയും ഓർമ്മിപ്പിക്കുന്നു.

**ഫാ. വർഗീസ് പൊട്ടയ്ക്കൽ**
**പ്രോട്ടോ സിഞ്ചെല്ലൂസ്**

## അഭിനന്ദനങ്ങൾ



ഇൻഡോർ മാർവാഞ്ചൽ സർവ്വകലാശാലയിൽനിന്നും സാമൂഹ്യപ്രവർത്തനത്തിൽ (Social Work) ഡോക്ടറേറ്റ് കരസ്ഥമാക്കിയ **ബഹുമാനപ്പെട്ട ജോൺ പുതുവ** അച്ചന് അതിരൂപതയുടെ അഭിനന്ദനങ്ങളും പ്രാർത്ഥനാശംസകളും.

പ്രബന്ധം: "Organizational Climate and Job Satisfaction of Workers in Selected Catholic Hospitals in South India"

## വാർത്തകളും വിശേഷങ്ങളും

## രണ്ടു സമ്മേളനങ്ങളിലായി നടത്തുന്ന സിനഡ് കൂടുതൽ പങ്കാളിത്തം ഉറപ്പുവരുത്തും

മെത്രാന്മാരുടെ സിനഡിന്റെ അടുത്ത സാധാരണ പൊതുസമ്മേളനം രണ്ടു സമ്മേളനങ്ങളായി ഒരു വർഷത്തിന്റെ ഇടവേളയിൽ, 2023 ഒക്ടോബറിലും 2024 ഒക്ടോബറിലുമായി, നടത്താനുള്ള തീരുമാനം ഫ്രാൻസിസ് പാപ്പ അറിയിച്ചു. ഒക്ടോബർ 16 ഞായറാഴ്ചയിലെ മദ്ധ്യാഹ്ന പ്രാർത്ഥനാവേളയിൽ ഫ്രാൻസിസ് പാപ്പാ നടത്തിയ ഈ പ്രഖ്യാപനം സിനഡാത്മകസഭ എന്ന സ്വപ്നം പതിയെ പതിയെ ഒരു യാഥാർത്ഥ്യമാകാൻ പാപ്പാ എത്രമാത്രം താല്പര്യപ്പെടുന്നു എന്ന് വ്യക്തമാക്കുന്നു.

സിനഡൽ പ്രക്രിയയുടെ പൂർണ്ണമായ ഫലമെടുക്കണമെങ്കിൽ തിരക്കു പിടിക്കാതിരിക്കേണ്ടത് ആവശ്യമാണെന്നും ചർച്ചകൾ സ്വസ്ഥമായി നടത്തേണ്ടതുണ്ടെന്നും പാപ്പ വ്യക്തമാക്കി. സഭയുടെ ഘടനാപരമായ ഒരു മാനമാണ് സിനഡാലിറ്റി എന്ന് മനസ്സിലാക്കാൻ ഈ തീരുമാനം സഹായിക്കും. സുവിശേഷത്തിന്റെ ആനന്ദം പ്രഘോഷിക്കുന്ന സഹോദരങ്ങളുടെ ഒരു യാത്രയാണിത് - പാപ്പ ചൂണ്ടിക്കാട്ടി. കൂടുതൽ മിഷനറിയായിക്കൊണ്ടിരിക്കുന്ന സഭ എല്ലാവരേയും ഉൾക്കൊള്ളിക്കാൻ നടത്തുന്ന പരിശ്രമമാണ് ഈ തീരുമാനത്തിൽ പ്രതിഫലിപ്പിക്കുന്നത്. പ്രാദേശിക സഭകളിൽ 2021 ഒക്ടോബറിലാണ് സിനഡാലിറ്റിയെക്കുറിച്ചുള്ള സിനഡൽ പ്രക്രിയയ്ക്ക് തുടക്കമിട്ടത്. ഈ പ്രക്രിയയുടെ പ്രഥമ ഘട്ടമായ രൂപതാതല കൂടിയാലോചന ലോകത്തിലെ 114 ദേശീയ മെത്രാൻ സംഘങ്ങളിൽ 112 എണ്ണവും യഥാസമയം പൂർത്തിയാക്കിയതായി സിനഡ് സെക്രട്ടറിയേറ്റ് അറിയിക്കുന്നു.

ഭൂഖണ്ഡാടിസ്ഥാനത്തിലുള്ള ഘട്ടം അടുത്ത ജനുവരി മുതൽ മാർച്ച് വരെയാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. സമാപനമായ ആഗോ

ഉഘട്ടം എന്നു വിശേഷിപ്പിക്കാവുന്ന മെത്രാൻ സിനഡിന്റെ പതിനാറാമത് സാധാരണ പൊതുസമ്മേളനത്തിന്റെ ആദ്യഭാഗം 2023 ഒക്ടോബറിലും രണ്ടാം ഭാഗം 2024 ഒക്ടോബറിലും നടക്കും.

## ഏഷ്യൻ മെത്രാന്മാർ ത്രിതല സംവാദത്തിന്റെ പാത പിന്തുടരുന്നു: കർദിനാൾ ബോ

ഏഷ്യൻ മെത്രാൻ സമിതികളുടെ സംയുക്ത സംഘത്തിന്റെ (എഫ്.എ. ബി.സി.) സ്ഥാപനത്തിന്റെ 50-ാം വാർഷികത്തോടനുബന്ധിച്ചുള്ള ആദ്യത്തെ പൊതുസമ്മേളനം ഒക്ടോബർ 30-ന് സമാപിക്കും. എഫ്.എ.ബി.സി. യുടെ സ്ഥാപക പിതാക്കന്മാർ ഇതിനകം തന്നെ തങ്ങൾ ചരിക്കേണ്ട പാത അടയാളപ്പെടുത്തിയിട്ടുണ്ട് എന്ന് ഓർമ്മിപ്പിച്ച കർദിനാൾ ബോ മൂന്നു തല സംവാദം അല്ലെങ്കിൽ മൂന്നു തല സൗഹാർദ്ദമാണ് അത് എന്നു ചൂണ്ടിക്കാണിച്ചു. യാംഗോൺ അതിരൂപതയുടെ മെത്രാപ്പോലീത്തായും എഫ്.എ.ബി.സി.-യുടെ അദ്ധ്യക്ഷനുമാണ് കർദിനാൾ ബോ. ദരിദ്രരുമായുള്ള ഐക്യം, മതങ്ങളോടുള്ള ഐക്യം, സംസ്കാരവുമായുള്ള ഐക്യം എന്നിവയാണ് മൂന്നുതല സൗഹാർദ്ദം ഉൾക്കൊള്ളുന്നത്. ഇവയോടൊപ്പം പരിസ്ഥിതിയുമായുള്ള സൗഹൃദത്തെകൂടി ചേർക്കേണ്ടതുണ്ടെന്നും കർദിനാൾ പറഞ്ഞു.

ആ നാല് സംവാദങ്ങളിലൂടെ, ഏഷ്യയിലെ സഭയ്ക്ക് ഇവിടെ സമാധാനം സ്ഥാപിക്കാൻ കഴിയും. ഇത് എല്ലാ ഏഷ്യക്കാർക്കുമുള്ള ചുമതല ആയതിനാൽ, പരിശുദ്ധാത്മാവ് ഏഷ്യൻ ജനതയെയും, ബിഷപ്പുമാരെ മാത്രമല്ല, മുഴുവൻ സഭയെയും, സ്നാനമേറ്റ ഓരോരുത്തരെയും, അവരുടെ രാജ്യത്ത് സമാധാനം സ്ഥാപിക്കുന്നതിനുള്ള പാതയിലൂടെ നയിക്കും. ഈ ദൗത്യം വളരെ വെല്ലുവിളി നിറഞ്ഞതാണ്. ന്യൂനപക്ഷമാണെങ്കിലും ക്രൈസ്തവർ തങ്ങൾ ആയിരിക്കുന്നിടത്ത് ഭൂമിയുടെ ഉപ്പും ലോകത്തിന്റെ വെളിച്ചവുമാണെന്ന് കർദിനാൾ വ്യക്തമാക്കി.

* * * * *

# *New Office-Bearers*

## UNITAS SYRO-MALABAR SECULAR INSTITUTE

| | | |
|---|---|---|
| President General | - | Sr. Dr. Deepa USMS |
| Vice President | - | Sr. Vineetha USMS |
| Councillors | - | Sr. Vyakula Mary USMS<br>Sr. Smitha USMS<br>Sr. Meena Paul USMS<br>Sr. Jean USMS |
| Secretary | - | Sr. Rajalakshmi USMS |
| Tresurer | - | Sr. Celine USMS |

***Congratulations and Prayerful Wishes to the New Office-Bearers***

---

# വിശ്വാസപരിശീലനകേന്ദ്രം

## കാറ്റിക്കിസം ടീച്ചേഴ്സ് ഡേ

വിശ്വാസപരിശീലകരുടെ സ്വർഗീയ മദ്ധ്യസ്ഥനായ വിശുദ്ധ ചാൾസ് ബൊറോമിയൊയുടെ തിരുനാൾ ദിനം നവംബർ 04 വെള്ളിയാഴ്ച. അന്നേ ദിനം വിശ്വാസ പരിശീലകർ എല്ലാവരും കുമ്പസാരിച്ച് വിശുദ്ധ കുർബാനയിൽ പങ്കെടുത്തു പ്രാർത്ഥിക്കുന്നത് നല്ലതായിരിക്കും. നവംബർ 04 കഴിഞ്ഞു വരുന്ന ഞായറാഴ്ച നവംബർ 06 (06/11/2022) ഇടവകകളിൽ സാധിക്കുന്ന വിധത്തിൽ കാറ്റിക്കിസം 'ടീച്ചേഴ്സ് ഡേ' ആഘോഷിക്കുകയും വിശ്വാസപരിശീലകരെ ആദരിക്കുകയും ചെയ്യുമല്ലൊ.

**2022 നവംബർ മാസത്തിൽ നടക്കുന്ന പരിപാടികൾ:**

| | | | |
|---|---|---|---|
| 12 ശനി | : എൻലൈറ്റ് | - | മൂഴിക്കുളം ഫൊറോന |
| 13 ഞായർ | : എലൈവ് | - | പറവൂർ ഫൊറോന |
| 20 ഞായർ | : എലൈവ് | - | കറുകുറ്റി ഫൊറോന |
| 27 ഞായർ | : എൻലൈറ്റ് | - | കാഞ്ഞൂർ ഫൊറോന |

**സോഷ്യൽ ഔട്ട് റീച്ച്, അഡോപ്റ്റ് എ ഫാമിലി പ്രോഗ്രാമുകൾ:**

ഡിപ്ലോമ ഒന്നും രണ്ടും വിദ്യാർത്ഥികളുടെ പാഠപുസ്തകത്തിന്റെ ശീർഷകം "ക്രൈസ്തവജീവിതം സഭയിലും സമൂഹത്തിലും" എന്നാണ്. നാളിതുവരെ പഠിച്ചതും പരിശീലിച്ചതുമായ വിശ്വാസത്തെ ജീവിതബന്ധിയായി പ്രവർത്തിപഥത്തിലേക്ക് എത്തിക്കുന്ന രണ്ട് പ്രവർത്തനങ്ങളാണ് സോഷ്യൽ ഔട്ട് റീച്ച് പ്രോഗ്രാമും അഡോപ്റ്റ് എ ഫാമിലി പ്രോഗ്രാമും. ക്രിസ്തീയ വിശ്വാസത്തിന്റെ സാക്ഷ്യവും പ്രഘോഷണവുമാണ് ഈ രണ്ടു പ്രോഗ്രാമുകളുടെയും ലക്ഷ്യം. നമ്മുടെ മനോഭാവങ്ങളെ ക്രിസ്തുവിന്റെ മനോഭാവങ്ങളോട് ചേർത്ത് മറ്റുള്ളവർക്ക് ദൈവത്തിന്റെ കരുണയുടെ മുഖം കാണിച്ചുകൊടുക്കാൻ ഈ പ്രോഗ്രാമുകൾ സഹായിക്കുന്നു.

ഈ പ്രോഗ്രാമുകളിലുള്ള കുട്ടികളുടെ പങ്കാളിത്തത്തെയും അതിന്റെ വെളിച്ചത്തിൽ ഓരോരുത്തരും സമർപ്പിക്കുന്ന റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിലായിരിക്കണം 25 ലുള്ള മാർക്കു നൽകേണ്ടത്. ഇതിൽ കുട്ടികൾ പങ്കെടുക്കാതിരിക്കുകയോ, പങ്കെടുത്ത കുട്ടികളുടെ മാർക്കു എന്റർ ചെയ്യാതിരിക്കുകയോ ചെയ്താൽ ഡിപ്ലോമ ഇൻകംപ്ലിറ്റ് ആയിരിക്കുമെന്നും സർട്ടിഫിക്കറ്റ് നൽകുവാൻ സാധിക്കുകയുമില്ല എന്ന കാര്യവും കുട്ടികളെയും മാതാപിതാക്കളെയും പ്രത്യേകം ഓർമ്മപ്പെടുത്തേണ്ടതാണ്. ഓരോ പ്രോഗ്രാമിനുമായി ഓരോ ഇടവകയും ചെലവിടുന്ന തുകയുടെ കണക്കും റിപ്പോർട്ടും ഫൊറോനയിൽ 2023 ജനുവരി 15-ാം തീയതിയ്ക്കകം നൽകണം (*വചനദീപം,* പേജ് 42).

**ഒന്നാം സെമസ്റ്റർ പരീക്ഷ:** ഒക്ടോബർ 02-ാം തീയതി ഞായറാഴ്ച ഒന്നാം സെമസ്റ്റർ പരീക്ഷ ഇടവകതലത്തിൽ നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ ഏറ്റെടുത്ത ബഹു. വികാരിയച്ചന്മാർക്കും പ്രധാനാധ്യാപകർക്കും വിശ്വാസപരിശീലകർക്കും പ്രത്യേകം നന്ദി.

**Catechism Teachers' Basic Orientation Course (BOC):**

വിശ്വാസ പരിശീലന രംഗത്തേക്ക് പുതിയതായി ശുശ്രൂഷ ചെയ്യുവാനായി കടന്നുവന്നിരിക്കുന്ന അതിരൂപതയിലെ വിശ്വാസ പരിശീലകർക്കുവേണ്ടി ഒക്ടോബർ മാസം 22, 23, 24, (ശനി, ഞായർ, തിങ്കൾ) തീയതികളിലായി കലൂർ റിന്യുവൽ സെന്ററിൽ Catechist with a Futuristic Vision എന്ന പേരിൽ BOC സംഘടിപ്പിച്ചു. 145 വിശ്വാസപരിശീലകർ ഈ കോഴ്സിൽ പങ്കെടുത്തു.

റവ. ഫാ. സനു പുതുശ്ശേരി
- വി. കുർബാനയിലും കുമ്പസാരത്തിലും കേന്ദ്രീകൃതമായ ക്രിസ്തീയ യുവജീവിതം

ശ്രീമതി ഡോ. മാറിൻ ജോസ്
- അദ്ധ്യാപകരിൽനിന്ന് വിശ്വാസപരിശീലകരിലേക്ക്: വിശ്വാസപരിശീലകരുടെ പഠനോപാധികൾ

റവ. ഫാ. ഡോ. സോണി മഞ്ഞളി - ബൈബിൾ ലോകം

ശ്രീ. ടോണി മഠത്തിൽ - ക്രിസ്തു അനുഭവമുള്ള വിശ്വാസപരിശീലകൻ

റവ. ഫാ. ഡോ. ബെന്നി പാലാട്ടി
- വിശ്വാസ പരിശീലനവും ബോധന വിദ്യകളും

ശ്രീ. മാർട്ടിൻ പതപ്പിള്ളി
- വിശ്വാസപരിശീലകർ : ഇടവകസമൂഹത്തിന്റെയും കുട്ടികളുടെയും വീക്ഷണത്തിലും നിരീക്ഷണത്തിലും

ശ്രീ. നിജോ പുതുശ്ശേരി
- ഫലപ്രദമായ അദ്ധ്യാപനത്തിനുള്ള മാർഗങ്ങൾ

റവ. ഫാ. ഡോ. ജോഷി പുതുശ്ശേരി
- ബൈബിളും കാറ്റിക്കിസവും

റവ. ഫാ. ഡോ. പീറ്റർ കണ്ണമ്പുഴ
- വിശ്വാസ പരിശീലനത്തിന്റെ സ്രോതസ്സുകളും ഉപകരണങ്ങളും. അതിരൂപതാ കൂട്ടായ്മയോടുചേർന്നുള്ള വിശ്വാസ പരിശീലകരുടെ ദൗത്യവും ദർശനങ്ങളും.

റവ. ഫാ. ജോസ് വടക്കൻ
- വിശ്വാസ പരിശീലകരുടെ വിളിയും പ്രത്യുത്തരവും

ബ്ര. ആന്റോ പാലാട്ടി
- വിശ്വാസ പരിശീലകരുടെ ക്രിയാത്മകത

**2022 ഒക്ടോബർ മാസത്തിൽ നടന്ന പരിപാടികൾ:**

| | | |
|---|---|---|
| 08 ശനി | : എൻലൈറ്റ് | - സെന്റ് ജോർജ് ചർച്ച്, തിരുവാങ്കുളം (തൃപ്പൂണിത്തുറ ഫൊറോന) |
| 09 ഞായർ | : എലൈവ് | - സെന്റ് മേരീസ് ചർച്ച്, മേക്കാട് (അങ്കമാലി ഫൊറോന) |

16 ഞായർ : എലൈവ് - സെന്റ് മേരീസ് ഫൊറോന ചർച്ച്, പള്ളിപ്പുറം

30 ഞായർ : എലൈവ് - സെന്റ് ജോർജ് ഫൊറോന ചർച്ച്, ഇടപ്പള്ളി

എലൈവ് & എൻലൈറ്റ് പരിപാടികളായ ഈ ഏകദിന ശില്പശാല മുകളിൽ പറഞ്ഞിരിക്കുന്ന നാല് ഇടവകകളിൽ നടത്തുവാൻ എല്ലാവിധ സൗകര്യങ്ങളും ഒരുക്കിത്തന്ന ബഹു. വികാരിയച്ചന്മാർക്കും അവിടുത്തെ വിശ്വാസ പരിശീലകർക്കും പള്ളികമ്മിറ്റി അംഗങ്ങൾക്കും ഫൊറോനാ കൗൺസിൽ അംഗങ്ങൾക്കും പ്രത്യേകം നന്ദി.

**2022-2023 കാറ്റിക്കിസം ഡിപ്ലോമ റസിഡൻഷ്യൽ കോഴ്സ്:**

**ഒന്നാം വർഷ ഡിപ്ലോമ Ist Session:** 2022 ഒക്ടോബർ 3, 4, 5 തീയതികളിൽ സംഘടിപ്പിച്ചു. 3-ാം തീയതി രാവിലെ 9.00 ന് രജിസ്ട്രേഷനോടെ ആരംഭിച്ച് 5-ാം തീയതി വൈകുന്നേരം 4.00 മണിക്ക് സമാപിച്ചു. 75 കുട്ടികൾ ഡിപ്ലോമ കോഴ്സിൽ പങ്കെടുത്തു.

വെരി റവ. ഫാ. വർഗീസ് പൊട്ടയ്ക്കൽ
- ക്രിസ്തുവിന്റെ അനന്യതയും വ്യക്തിത്വവും

റവ. ഫാ. ഡോ. ജോപോൾ കിരിയാന്തൻ
- മനഃശാസ്ത്ര-ആത്മീയ മനോഭാവങ്ങൾ

റവ. ഫാ. അരുൺ വലിയവീട്ടിൽ
- ക്രിസ്തീയ വ്യക്തിത്വത്തിന്റെ പരിശീലനം

ശ്രീമതി ലാലി ജേക്കബ് - ലൈംഗികതയും ധാർമ്മികതയും

ശ്രീ. എൽവിസ് - ദൈവകേന്ദ്രീകൃത ക്രിസ്തീയ ജീവിതം

റവ. സി. രഞ്ജിത CSN - ആരോഗ്യപരിപാലനം

ശ്രീ. സാൻജോസ് തോമസ് - വിജയകരമായ ഭാവി

ശ്രീ. ജിത്ത് പേരേപറമ്പിൽ - ദിവ്യകാരുണ്യാനുഭവത്തിലൂടെ

ശ്രീ. ജോബ് വി. റ്റി.
- സാമൂഹ്യതിന്മകളിൽനിന്ന് ജീവിതത്തെ സംരക്ഷിക്കുക

ശ്രീ. ജോർജ് ദേവസി
- ഈശോയ്ക്കുവേണ്ടിയുള്ള ആഗ്രഹവും ജീവിതവിജയവും

**രണ്ടാം വർഷ ഡിപ്ലോമ Ist Session:** 2022 ഒക്ടോബർ 22, 23, 24 തീയതികളിൽ സംഘടിപ്പിച്ചു. 22-ാം തീയതി രാവിലെ 9.00 ന് രജിസ്ട്രേഷ

നോടെ ആരംഭിച്ച് 24-ാം തീയതി വൈകുന്നേരം 4.00 മണിക്ക് സമാപിച്ചു. 79 കുട്ടികൾ ഡിപ്ലോമ കോഴ്സിൽ പങ്കെടുത്തു.

റവ. ഫാ. സനു പുതുശ്ശേരി - വി. കുർബാനയിലും കുമ്പസാരത്തിലും കേന്ദ്രീകൃതമായ ക്രിസ്തീയ യുവജീവിതം

ശ്രീ. ബാബു ജോൺ - ക്രിസ്തീയ ജീവിതം തിന്മയ്ക്കെതിരെയുള്ള പോരാട്ടം

ശ്രീ. നിജോ ജോസഫ് പുതുശ്ശേരി - പെന്തക്കോസ്തു സമൂഹങ്ങൾ ഉയർത്തുന്ന വെല്ലുവിളികൾ

ശ്രീ. ജിത്ത് പേരെപ്പറമ്പിൽ - അനുഭവങ്ങൾ പങ്കുവയ്ക്കുന്നു

ശ്രീ. നവീൻ പുതുശ്ശേരി - ക്രിസ്തീയ ജീവിതം വചനാധിഷ്ഠിതം

റവ. ഫാ. ഡോ. ജോഷി പുതുശ്ശേരി - ബൈബിൾ എഴുതപ്പെട്ട ദൈവവചനം

ശ്രീ. ജിജോ റാഫേൽ - ജീവിതത്തിന്റെ പ്രലോഭനങ്ങൾ

ശ്രീ. ബിജു തോമസ് - വിശ്വാസ വിരുദ്ധസിദ്ധാന്തങ്ങൾ

റവ. ഫാ. ഡോ. പീറ്റർ കണ്ണമ്പുഴ - വിശ്വാസവും ജീവിതവും

റവ. ഫാ. മാത്യു കിലുക്കൻ - യുവമനസ്സുകളുടെ ശാക്തീകരണം

ശ്രീമതി മരിയ ജെറോം - സാമൂഹ്യ മര്യാദകൾ

ബഹു. വികാരി ജനറാൾമാരായ വെരി റവ. ഫാ. വർഗീസ് പൊട്ടയ്ക്കലും മോൺസിഞ്ഞോർ ആന്റണി പെരുമായനും വിശ്വാസപരിശീലകരെയും ഡിപ്ലോമ രണ്ടാം വർഷ വിദ്യാർത്ഥികളെയും അഭിസംബോധന ചെയ്ത് സംസാരിച്ചു.

2022 നവംബർ 30-ന് മുമ്പ് ഡിപ്ലോമ റസിഡൻഷ്യൽ കോഴ്സിനു പങ്കെടുത്ത കുട്ടികൾ ഒന്നാം സെഷനിൽ പങ്കെടുത്ത വിവരവും ക്ലാസ്സ് നോട്ടും വികാരിയച്ചനെ കാണിക്കുകയും കാർഡിൽ ഒപ്പ് വാങ്ങുകയും ചെയ്യേണ്ടതുണ്ട് എന്ന കാര്യം ഓർമ്മിപ്പിക്കുന്നു.

**ഫാ. പീറ്റർ കണ്ണമ്പുഴ**
**ഡയറക്ടർ**

## ഫാമിലി അപ്പോസ്തലേറ്റ്

Renewal Centre, Azad Road, Kaloor. Tel: 0484-2533077, 9387074643
Jeevalaya Family Park, Chengal, Kalady 683574. Tel: 0484-2462607, 8281544111
Vaikom: 9495411200
Web.www.jeevalaya.org, Email : jeevalayafamilypark@gmail.com

## 2022 നവംബർ - ഡിസംബർ

### വിവാഹഒരുക്ക ധ്യാനം (MPR)

നവംബർ 08-10 (കാലടി)
നവംബർ 14-16 (കലൂർ)
നവംബർ 21-23 (കാലടി)
നവംബർ 29-01 (കാലടി)

ഡിസംബർ 05-07 (കലൂർ)
ഡിസംബർ 13-15 (കാലടി)
ഡിസംബർ 19-21 (കലൂർ)
ഡിസംബർ 20-22 (കാലടി)
ഡിസംബർ 27-29 (കാലടി)

NB: ധ്യാനം ബുക്ക് ചെയ്യാൻ www.jeevalaya.org സന്ദർശിക്കുക.

### ബേബിഷൈൻ ധ്യാനം (Contact: 8078334522)

നവംബർ 04 -06

### ദമ്പതി ധ്യാനം (Contact: 8078334522)

നവംബർ 10-13

### അനുയാത്ര (ഓൺലൈൻ)

യുവദമ്പതികൾക്കുള്ള തുടർപരിശീലന പരിപാടി
നവംബർ 13

### വിധവ ധ്യാനം (Contact: 9400836249)

നവംബർ 18 - 20

### ഫാമിലി ഔവർ

നവംബർ 01, 08, 15, 22, 29 - ഹോളി ഫാമിലി സിസ്റ്റേഴ്സ്
നവംബർ 05- യൂദിത്ത്ഫോറം

നവംബർ 03- എസ്.ഡി സിസ്റ്റേഴ്സ്
നവംബർ 19- എം. സി. സി.

**സ്നേഹജ്വാല (പാരന്റിംഗ് സെമിനാർ)**

നവംബർ 06 - പ്രസാദഗിരി
നവംബർ 13 - ഉല്ലല

**യൂദിത്ത് മീറ്റ്**

നവംബർ 12- കറുകുറ്റി
നവംബർ 22- പുത്തൻപള്ളി

**ഗ്രെയ്സ് റിപ്പിൾസ് ദമ്പതി കോൺഫറൻസ്**

അതിരൂപതാ കുടുംബപ്രേഷിത കേന്ദ്രം എം.സി.സി. യുടെ നേതൃത്വത്തിൽ ഗ്രെയ്സ് റിപ്പിൾസ് കൂട്ടായ്മയുടെ10-ാമത് ദമ്പതി കോൺഫറൻസ് 2022 ഡിസംബർ 10-ന് കലൂർ റിന്യൂവൽ സെന്ററിൽ നടത്തപ്പെടുന്നു. 'ഉറപ്പുള്ള ദാമ്പത്യം ഉണർവുള്ള കുടുംബം' എന്നതാണ് വിഷയം.

**വിവാഹോത്സവ്**

വിവാഹത്തിന്റെ 50, 25 വർഷം പൂർത്തിയാക്കിയ ദമ്പതികളെ അതിരൂപതാ തലത്തിൽ ആദരിക്കുന്ന 'വിവാഹോത്സവ് 2022' ഫൊറോനാ തലത്തിൽ സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ നടത്തപ്പെടുകയുണ്ടായി. വിജയത്തിനായി സഹകരിക്കുകയും സഹായിക്കുകയും ചെയ്ത ഫൊറോന വികാരിമാർ, ഫൊറോന ഡയറക്ടേഴ്സ്, വൈദികർ, ഫൊറോന ആനിമേറ്റർ സിസ്റ്റേഴ്സ്, കോർഡിനേറ്റേഴ്സ്, അസി. കോർഡിനേറ്റേഴ്സ്, എം.സി.സി., ഗ്രെയ്സ് റിപ്പിൾസ് ദമ്പതി കൂട്ടായ്മകൾ എന്നിവർക്കും പ്രത്യേകം നന്ദി.

**ഫാ. ജോസഫ് മണവാളൻ**
**ഡയറക്ടർ**

**കൃതജ്ഞത**

സഹൃദയയിൽ അഞ്ചുമാസക്കാലത്തോളം ഇൻഷുറൻസ് പ്രവർത്തനങ്ങളുടെയും ജീവകാരുണ്യനിധി സമാഹരണത്തിന്റെയും ചുമതലകൾ വഹിച്ചശേഷം ആന്റോപുരം പള്ളിയിലേക്ക് സ്ഥലം മാറിപ്പോയ ബഹു. ജോർജ്ജ് പടയാട്ടിയച്ചന് സഹൃദയ കുടുംബത്തിന്റെ കൃതജ്ഞതയും പുതിയ ദൗത്യത്തിൽ വിജയാശംസകളും നേരുന്നു.

**സഹൃദയ ടെക്കിന് സംസ്ഥാന ഊർജ അവാർഡ്**

സഹൃദയയുടെ പരിസ്ഥിതി പരിപാലന വിഭാഗമായ സഹൃദയ ടെക്ക് നടത്തിവരുന്ന ഊർജ സംരക്ഷണ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമായി സംസ്ഥാന സർക്കാരിന്റെ 2021 ലെ മികച്ച സ്ഥാപനങ്ങൾക്കുള്ള അക്ഷയ ഊർജ പുരസ്കാരത്തിന് അർഹമായി. സോളാർ, ബയോഗ്യാസ്, പുകശല്യമില്ലാത്ത അടുപ്പ് നിർമാണ മേഖലകളിലെ പ്രവർത്തനങ്ങളാണ് പരിഗണിക്കപ്പെട്ടത്. പള്ളികൾ, പള്ളിമേടകൾ, കോൺവെന്റുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ വൈദ്യുതി ബിൽ കുറയ്ക്കാനും പരിസ്ഥിതി സംരക്ഷണത്തിനും സോളാർ പാനലുകൾ സഹൃദയ സ്ഥാപിച്ചു നൽകിവരുന്നു. വിശദവിവരങ്ങൾക്ക് 90740 60071 എന്ന നമ്പറിൽ ബന്ധപ്പെടുക.

**പ്രഥമ ശുശ്രൂഷാ ശില്പശാല**

ആസ്റ്റർ മെഡി സിറ്റി എമർജൻസി മെഡിസിൻ വിഭാഗത്തിന്റെ സഹകരണത്തോടെ, അടിയന്തിര ഘട്ടങ്ങളിൽ ജീവൻ രക്ഷിക്കുന്നതിന് സഹായകമായ പ്രഥമ ശുശ്രൂഷാ നടപടികളെക്കുറിച്ചുള്ള ശില്പശാല പൊന്നുരുന്നി, നീറിക്കോട്, കരയാംപറമ്പ്, കാക്കനാട് എന്നിവിടങ്ങളിൽ സഹൃദയ സംഘടിപ്പിച്ചു. പ്രായോഗിക പരിശീലനം ഉൾപ്പടെയുള്ള ശില്പശാലയിൽ പങ്കെടുത്തവർക്ക് സർട്ടിഫിക്കറ്റുകൾ നൽകി.

**മാനസികാരോഗ്യദിനാചരണം സ്വയം തൊഴിൽ ബോധവത്കരണം**

ശാരീരിക, മാനസിക, ബൗദ്ധിക വെല്ലുവിളികൾ നേരിടുന്നവരുടെ ക്ഷേമ, പുനരധിവാസത്തിനായി നടപ്പാക്കിവരുന്ന സഹൃദയ സ്പർശൻ

പദ്ധതിയുടെ ആഭിമുഖ്യത്തിൽ പൊന്നുരുന്നിയിൽ ലോകമാനസികാരോഗ്യ ദിനാചരണം സംഘടിപ്പിച്ചു. സമ്മേളനം ഉമാ തോമസ് എം.എൽ.എ. ഉദ്ഘാടനം ചെയ്തു. മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കായി പരിചരിക്കുന്നവരുടെയും കുടുംബാംഗങ്ങളുടെയും സഹകരണത്തോടെ നടപ്പാക്കുന്ന വരുമാനദായക പദ്ധതിയുടെ ഉദ്ഘാടനവും അവർ നിർവഹിച്ചു. ചേർത്തല, അങ്കമാലി എന്നിവിടങ്ങളിലും വിതരണം സംഘടിപ്പിച്ചു. മുന്നൂറിലധികം പേർക്കാണ് ഈ സ്വയം തൊഴിൽ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത്.

**പ്രോസ്തെറ്റിക്ക് കൈ സൗജന്യമായി നൽകുന്നു**

സഹൃദയയുടെ ആഭിമുഖ്യത്തിൽ, വിവിധ ഏജൻസികളുടെ സഹകരണത്തോടെ, സൗജന്യമായി പ്രോസ്തെറ്റിക്ക് കൈ വച്ചുപിടിപ്പിച്ചുനൽകുന്നു. കൈമുട്ടിനു താഴെ നാല് ഇഞ്ച് നീളത്തിലെങ്കിലും ഉള്ളവർക്കാണ് പ്രയോജനപ്പെടുന്നത്. ക്യാമ്പിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർ 9995481266, 9645799842 എന്നീ നമ്പരുകളിൽ പേരുവിവരങ്ങൾ രജിസ്റ്റർ ചെയ്യേണ്ടതാണ്.

**ഉഷ സിലായ് സ്കൂൾ തയ്യൽ പരിശീലനം**

ഉഷ ഇന്റർനാഷണൽ ലിമിറ്റഡിന്റെ സഹകരണത്തോടെ പറവൂർ മേഖലയിൽ വനിതകൾക്കായി സഹൃദയ സംഘടിപ്പിച്ച 9 ദിവസത്തെ സിലായ് സ്കൂൾ തയ്യൽ ടീച്ചേഴ്സ് പരിശീലനത്തിൽ പങ്കെടുത്ത 20 പേർക്ക് തയ്യൽ മെഷീൻ , സിലായ് സ്കൂൾ നെയിം ബോർഡ്, ഹാൻഡ് ബുക്കുകൾ എന്നിവ സൗജന്യമായി നൽകി. പറവൂർ, ചേർത്തല മേഖലകളിലായി സംഘടിപ്പിച്ച 5 പരിശീലനങ്ങളിലൂടെ 90 വനിതകൾക്ക് ഇതുവരെ സൗജന്യ തയ്യൽ മെഷീനുകളും തയ്യൽ പരിശീലനം തുടങ്ങുന്നതിനുള്ള സൗകര്യങ്ങളും ഏർപ്പെടുത്തി.

**ആർട്ടിഫിഷ്യൽ ലിംബ് വിതരണം**

റോട്ടറി കൊച്ചി മിഡ് ടൗണിൻറെ സഹകരണത്തോടെ കാൽ നഷ്ടപ്പെട്ട 45 പേർക്ക് സഹൃദയ കൃത്രിമ കാലുകൾ വിതരണം ചെയ്തു. രണ്ടു ഘട്ടങ്ങളിലായി 90 പേർക്ക് കൃത്രിമ കാലുകൾ ഈ പദ്ധതിവഴി നൽകി.

**സ്വയം തൊഴിൽ സഹായ ധനം**

ഭിന്നശേഷിക്കാരുടെ ക്ഷേമ, പുനരധിവാസ പദ്ധതിയുടെ ഭാഗമായി

നെല്ലാട് ദേശിയ ഗ്രാമീണ സ്വയം തൊഴിൽ പരിശീലന കേന്ദ്രം, ബാംഗ്ലൂർ എനേബിൾ ഇന്ത്യ എന്നിവരുടെ സഹകരണത്തോടെ പറവൂരിൽ സഹൃദയ സംഘടിപ്പിച്ച ദശദിന സംരംഭകത്വ പരിശീലനം വിജയകരമായി പൂർത്തിയാക്കിയവർക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള സഹായധനം വിതരണം ചെയ്തു. പതിനേഴു ഭിന്നശേഷിക്കാർ പരിശീലനത്തിൽ പങ്കെടുത്തു.

**സഹൃദയ ഫെസ്റ്റ്**

അതിരൂപതയുടെ സാമൂഹ്യ പ്രവർത്തനങ്ങളെക്കുറിച്ച് ജനങ്ങൾക്ക് കൂടുതലായി അവബോധം പകരുന്നതിനും സാമൂഹ്യപ്രതിബദ്ധത വളർത്തി പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും സുസ്ഥിരവും ആരോഗ്യ പ്രദവുമായ ജീവിതശൈലികളെക്കുറിച്ച് അറിവ് നൽകുന്നതിനും ലക്ഷ്യമിട്ട് നടപ്പാക്കുന്ന സഹൃദയ ഫെസ്റ്റ് കളമശേരി സെന്റ് ജോസഫ് ഇടവകയിൽ സംഘടിപ്പിച്ചു. ആരോഗ്യ ക്യാമ്പ്, കാർഷിക, പരിസ്ഥിതി പ്രദര്ശനം, നാടൻ വിഭവങ്ങളുടെ മേള തുടങ്ങിയവ ഫെസ്റ്റിന്റെ ഭാഗമായിരുന്നു. സഹൃദയ ഫെസ്റ്റ് സംഘടിപ്പിക്കാൻ താത്പര്യമുള്ള ഇടവകകൾ സഹൃദയ ഓഫിസുമായി ബന്ധപ്പെടേണ്ടതാണ്.

**ആരോഗ്യ സംരക്ഷണ ക്ലാസ്സ്**

ഭിന്നശേഷിക്കാർക്കായി ചേരാനെല്ലൂരിൽ ആരോഗ്യ സംരക്ഷണ ത്തെക്കുറിച്ചു ബോധവത്കരണ ക്ലാസ്സും, മെഡിക്കൽ ക്യാമ്പും സംഘടിപ്പിച്ചു. അങ്കമാലി ഡോൺ ബോസ്കോ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെ ഇന്റേൺഷിപ് കുട്ടികൾ സഹകരിച്ചു.

**അതിഥി തൊഴിലാളികൾക്കായി ബോധവത്കരണ ക്ലാസ്**

സഹൃദയയും കാരിത്താസ് ഇന്ത്യയും സംയുക്തമായി വാത്തുരുത്തി യിൽ അതിഥി തൊഴിലാളികൾക്ക് വേണ്ടി കോവിഡാനന്തര സാഹ ചര്യത്തിൽ കൈകൊള്ളേണ്ട മുൻകരുതലുകളെക്കുറിച്ചും, ആരോഗ്യ പരമായി ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ചും ബോധവൽക്കരണ ക്ലാസ്സ് സംഘടിപ്പിച്ചു.

**തുമ്പൂർമുഴി മോഡൽ കമ്പോസ്റ്റിംഗ് യൂണിറ്റ്**

ഏറ്റുമാനൂർ സാൻജോസ് റസിഡൻസി ഹോട്ടലിൽ ജൈവമാലിന്യ സംസ്കരണത്തിനായുള്ള എയറോബിക്ക് കമ്പോസ്റ്റ് യൂണിറ്റ് (തുമ്പൂർമുഴി മോഡൽ) നിർമാണം പൂർത്തിയായി. സഹൃദയ ടെക്കാണ്

നിർമാണത്തിന്റെ സാങ്കേതിക മേൽനോട്ടം വഹിക്കുന്നത്. കമ്മ്യൂണിറ്റി ഹാളുകൾ, ഹോട്ടലുകൾ, കൃഷി ഫാമുകൾ സ്ഥാപനങ്ങളിലെ ആഹാര അവശിഷ്ടങ്ങൾ, കാർഷിക മാലിന്യങ്ങൾ തുടങ്ങിയവ ശാസ്ത്രീയമായി സംസ്കരിക്കാൻ പ്രയോജനപ്പെടുന്നതാണ് ഈ രീതി. പ്രത്യേക ബാക്ടീരിയ പൗഡർ ഉപയോഗിച്ചാണ് മാലിന്യങ്ങളുടെ സംസ്കരണം വേഗത്തിലാക്കുന്നത്.

**ഫാമിലി ഡവലപ്മെന്റ് പ്രോഗ്രാം**

സഹൃദയ സേവ് എ ഫാമിലി പ്ലാൻ കുടുംബോദ്ധാരണ പദ്ധതിയിലേക്ക് പുതുതായി 100 കുടുംബങ്ങളെ കൂടി ഉൾപ്പെടുത്തി. തണ്ണീർമുക്കം ഗ്രാമ പഞ്ചായത്ത്, പള്ളിപ്പുറം ഗ്രാമപഞ്ചായത്ത്, ചേർത്തല നഗരസഭ പരിധി യിൽ താമസിക്കുന്നവരെയാണ് പുതിയതായി തെരഞ്ഞെടുത്തത്.

**അന്താരാഷ്ട്ര ബാലികാ ദിനം**

സഹൃദയയുടെയും, സെന്റ് ആൽബർട്ട്സ് സ്കൂളിന്റെയും സഹകര ണത്തോടെ എറണാകുളം റെയിൽവേ ചൈൽഡ് ലൈൻ എറണാകുളം സൗത്ത് റെയിൽവേ സ്റ്റേഷനിൽ അന്താരാഷ്ട്ര ബാലികാ ദിനാചാരണം നടത്തി. ബാലികാ ദിനാചരണ സന്ദേശവുമായി സെന്റ് ആൽബർട്ട്സ് സ്കൂൾ വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ ഫ്ളാഷ് മോബ് സംഘടിപ്പിക്കുകയും, പ്ലക്കാർഡുകൾ പ്രദർശിപ്പിക്കുകയും ചെയ്തു.

**ഗാന്ധി ജയന്തി ദിനാഘോഷം**

എറണാകുളം ടൗൺ റെയിൽവേ സ്റ്റേഷന്റെയും, സഹൃദയ റെയിൽവേ ചൈൽഡ് ലൈനിന്റെയും നേതൃത്വത്തിൽ, സെന്റ് ആൽബർട്ട്സ് ഹയർ സെക്കന്ററി സ്കൂളിന്റെ സഹകരണത്തോടെ എറണാകുളം നോർത്ത് റെയിൽവേ സ്റ്റേഷനിൽ വച്ച് സ്വച്ഛതാ പഖ് വാഡാ ആചരണത്തിന്റെ ഭാഗമായി ലഹരിക്കെതിരെ ബോധവത്കരണവുമായി ഗാന്ധിജയന്തി ദിനം ആഘോഷിച്ചു. നോർത്ത് റെയിൽവേ സ്റ്റേഷൻ പരിസരം വൃത്തി യാക്കുകയും ചെടികൾ നടുകയും ചെയ്തു അതോടൊപ്പം തന്നെ ലഹരിവസ്തുക്കളുടെ ഉപയോഗത്തിനെതിരെ ബോധവത്കരണം നൽകുന്ന ഫ്ളാഷ് മോബും, റാലിയും സംഘടിപ്പിച്ചു.

**ഫാ. ജോസ് കൊളുത്തുവെള്ളിൽ**
**ഡയറക്ടർ**

# നൈപുണ്യ ഇന്റർനാഷണൽ

**Corporate Office, Broadway, Ernakulam Kochi 682031.**
**9446339966, 0484-2381947**

## സ്വാഗതം

നൈപുണ്യ ഇന്റർനാഷണലിന്റെ അസിസ്റ്റന്റ് ഡയറക്ടർ ആയി നിയമിതനായ ബഹുമാനപ്പെട്ട ജോഫി തോട്ടങ്കര അച്ചന് ഹൃദ്യമായ സ്വാഗതം ആശംസിക്കുന്നു!!!

## 1) നൈപുണ്യ ഇന്റർനാഷണൽ, കോർപ്പറേറ്റ് ഓഫീസ്

**Contact: 9446339966, 0484-2381947, 9947489966**

- **Overseas Education - Work/Study Abroad**

  Attn: + 2 students & graduates - golden opportunity awaits you!

- Study, work & settle in your dream destinations- Canada, UK, Germany, Australia, New Zealand and other exciting countries.
- September 2023 intake is open.... Start your IELTS preparation immediately.
- IELTS offline & online classes (New batches on all Mondays)

- **NICE (Naipunnya International Communicative English)**

- ഇംഗ്ലീഷ് ഭാഷ അനായാസം തെറ്റില്ലാതെ കൈകാര്യം ചെയ്യാൻ ഏവരെയും ഒരുക്കുന്ന കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ബാച്ച് പഠനം തുടരുന്നു. 30 ദിവസങ്ങളിലെ സിലബസ് തയ്യാറാക്കി പഠിപ്പിക്കുന്നു. പഠിതാക്കൾക്ക് ടെക്സ്റ്റ് നൽകുന്നു. ഓൺലൈൻ & ഓഫ് ലൈൻ ബാച്ചിലേക്ക് താല്പര്യമുള്ള Students, Parents, Employees നെ സ്വാഗതം ചെയ്യുന്നു. സമയം: വൈകിട്ട് 6.00 മുതൽ 7.00 വരെ (ഓൺലൈൻ), ശനിയാഴ്ച - രാവിലെ 10.00 മുതൽ 12.00 വരെ (ഓഫ് ലൈൻ).

- **Talent Track**

**ബഹുമാനപ്പെട്ട വികാരിയച്ചന്മാർ അറിയുന്നതിന്,**

ടാലന്റ് ട്രാക്കിന്റെ ഭാഗമായി നൈപുണ്യ ഇന്റർനാഷണൽ ഏർപ്പെടുത്തിയിട്ടുള്ള സ്പോൺസർഷിപ്പ് പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള

വിദ്യാർത്ഥികൾ അവരുടെ സ്പോൺസറിന് നന്ദി അറിയിച്ചുകൊണ്ടും തങ്ങളുടെ വിശേഷങ്ങളും ക്രിസ്മസ് ആശംസകളും ഉൾപ്പെടുത്തിക്കൊണ്ടും ഒരു ക്രിസ്മസ് ലെറ്റർ ഇംഗ്ലീഷിൽ തയ്യാറാക്കുവാൻ അച്ചൻ കുട്ടികളെ അറിയിക്കുമല്ലോ. ലെറ്റർ 2022 നവംബർ 10-ാം തീയതിക്കകം നൈപുണ്യയുടെ ഓഫീസിൽ നേരിട്ടോ, ആനിമേറ്റർ വഴിയോ എത്തിക്കേണ്ടതാണ്. കുട്ടികളുടെ വിവരങ്ങൾ അടങ്ങുന്ന ലെറ്റർ അച്ചന് അയച്ചിട്ടുണ്ട്.

For more details contact Rev. Sr. Ancy Puthenpurackal DSHs. 9947489966

## 2) നൈപുണ്യ അക്കാദമി, റിന്യൂവൽ സെന്റർ, കലൂർ

**Contact: 9544919144 , 0484-4029144**

- **നവംബർ മാസത്തിലെ പ്രോഗ്രാമുകൾ**

1. ഇറ്റാലിയൻ കോഴ്സ് ഓഫ് ലൈൻ ബാച്ചുകൾ (A1, A2) - നവംബർ 1-ന്
2. സ്പാനിഷ് കോഴ്സ് ഓൺലൈൻ ബാച്ചുകൾ (A1) - നവംബർ 7-ന്
3. ജർമ്മൻ കോഴ്സ് ഓഫ്ലൈൻ ബാച്ചുകൾ (A1, A2, B1&B2.1) - നവംബർ 21-ന്
4. സിവിൽ സർവീസ് റെഗുലർ, ഓറിയന്റേഷൻ, ഫൗണ്ടേഷൻ & സൺഡേ ബാച്ചുകൾ തുടരുന്നു (2022-2023)
5. 8, 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കായുള്ള NICSA 2022-2023 സ്പെഷ്യൽ സിവിൽ സർവീസ് പ്രോഗ്രാമുകളിലേക്കുള്ള അഡ്മിഷൻ തുടരുന്നു.
6. സിവിൽ സർവീസ് ഔട്ട്റീച്ച് പ്രോഗ്രാമുകൾ ആരംഭിച്ചു.

## 3) നൈപുണ്യ അക്കാദമി, തൃക്കാക്കര

**Contact: 9544919133, 9947349966**

- **Programs (NOVEMBER)**

- UGC NET PAPER I & II (English & Commerce - Online and Offline
- BANK - SBI-PO, IBPS -Offline (new admission all Mondays)
- SSC (CGL -Special Batch) -Offline (new admission all Mondays)
- PSC -Offline (new admission all Mondays)
- IELTS -Regular, Online & Offline (All Mondays new batch)
- PTE - Pearson Test of English (admission started)

### 4) നൈപുണ്യ ഇന്റർനാഷണൽ, L.F. കാമ്പസ്, അങ്കമാലി

**Contact: 9544919155, 9633338433**

IELTS, OET തുടങ്ങി വിദേശ വിദ്യാഭ്യാസത്തിനും നഴ്സിംഗ് ജോലികൾക്കും ആവശ്യമായ ഇംഗ്ലീഷ് ടെസ്റ്റ് പരിശീലന പരിപാടി നടത്തി വരുന്നു. വിദേശ രാജ്യങ്ങളിൽ ഉന്നത വിദ്യാഭ്യാസം സാധ്യമാക്കുവാൻ എല്ലാവിധ സഹായങ്ങളും ലഭ്യമാക്കുന്ന Overseas Education Consultancy ആയും പ്രവർത്തിച്ചു വരുന്ന Naipunnya International Angamaly Branch -ൽ നിന്നും നിരവധി കുട്ടികൾ വിദേശ വിദ്യഭ്യാസം സാധ്യമാക്കി വരുന്നു. കൂടാതെ, കോളേജുകൾ കേന്ദ്രീകരിച്ചുള്ള വിദേശ വിദ്യഭ്യാസ പരിശീലന പരിപാടികളും നടത്തി വരുന്നു.

### 5) നൈപുണ്യ ഇന്റർനാഷണൽ, പാലാ

**Contact: 0482-2201546, 9947855132**

- For Overseas Education & Counselling

**ഫാ. സജി കണ്ണാപറമ്പൻ (ഡയറക്ടർ)**

# അതിരൂപതാ ഡയറി

**ഒക്ടോബർ 2022**

2 ആൻഡ്രൂസ് താഴത്ത് പിതാവ് റോമിലേക്ക് പോയി. 12-ന് തിരിച്ചെത്തി.

18 ആൻഡ്രൂസ് താഴത്ത് പിതാവ് സി.എം.ഐ., സി.എസ്.ടി. (ഫാദേഴ്സ്) ജനറലേറ്റുകൾ സന്ദർശിച്ചു

25 ആൻഡ്രൂസ് താഴത്ത് പിതാവ് ആലുവ കപ്പുച്ചിൻ പ്രൊവിൻഷ്യലേറ്റ് സന്ദർശിച്ചു.

25 ആൻഡ്രൂസ് താഴത്ത് പിതാവ് സി.എം.സി. ജനറലേറ്റിൽ ദിവ്യബലി അർപ്പിച്ചു. തൃക്കാക്കര എസ്.എച്ച്. മൈനർ സെമിനാരി, വിജോഭവൻ എന്നിവ സന്ദർശിച്ചു.

26 ആൻഡ്രൂസ് താഴത്ത് പിതാവ് എഫ്.സി.സി. ജനറലേറ്റിൽ ദിവ്യബലി അർപ്പിച്ചു

30 ആൻഡ്രൂസ് താഴത്ത് പിതാവ് വള്ളുവള്ളി സെന്റ് ആന്റണീസ് പള്ളിയിൽ വിശുദ്ധ കുർബാന അർപ്പിച്ചു. പാരിഷ് ഹാളിന്റെ ശില വെഞ്ചരിച്ചു.

* * * * *

# AICO

## (Archdiocesan Institutions' Central Office)

**ബോർഡ് മീറ്റിംഗ്**

ഒക്ടോ. 07 മാർ ലൂയിസ് ബുക്ക് സെന്റർ, എറണാകുളം

**സൈറ്റ്/കൺസ്ട്രക്ഷൻ കമ്മിറ്റി മീറ്റിംഗ് & സൈറ്റ് വിസിറ്റ്**

സെപ്റ്റം. 24 ജിയോ സെന്റർ, ചക്കരപ്പറമ്പ്

സെപ്റ്റം. 26 ജിയോ സെന്റർ, ചക്കരപ്പറമ്പ്

സെപ്റ്റം. 27 കാവിൽ സെന്റ് മൈക്കിൾസ് ചർച്ച്

സെപ്റ്റം. 30 മറ്റൂർ (പോപ്പർട്ടി)
നൈപുണ്യ കോളേജ്, പൊങ്ങം

ഒക്ടോ. 07 ഭാരത മാതാ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ്, ചൂണ്ടി
മാതാ നഗർ പബ്ലിക് സ്കൂൾ, കടവന്ത്ര

ഒക്ടോ. 12 നൈപുണ്യ പബ്ലിക് സ്കൂൾ, തൃക്കാക്കര
ഭാരത മാതാ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ്, ചൂണ്ടി

ഒക്ടോ. 14 സെന്റ് ജോസഫ്സ് ചർച്ച്, തിരുനല്ലൂർ
സെന്റ് ജൂഡ് ചർച്ച്, തദേവൂസ്പുരം
സെന്റ് ജോസഫ്സ് ചർച്ച്, കളമശ്ശേരി
സെന്റ് ജോർജ് ചർച്ച്, കാൽവരി

ഒക്ടോ. 18 മാർ ലൂയിസ്, കറുകുറ്റി
മദർ തെരേസ ഹോസ്റ്റൽ, തുതിയൂർ

ഒക്ടോ. 20 ജിയോ സെന്റർ, ചക്കരപ്പറമ്പ്

ഒക്ടോ. 21 മാതാ നഗർ പബ്ലിക് സ്കൂൾ, കടവന്ത്ര

ഒക്ടോ. 22 ഭാരത മാതാ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ്, ചൂണ്ടി
നിവേദിത, ചുണങ്ങംവേലി

ഒക്ടോ. 24 ജിയോ സെന്റർ, ചക്കരപ്പറമ്പ്

**ഫാ. വർഗീസ് പൊട്ടയ്ക്കൽ**
**പ്രോട്ടോ സിഞ്ചെല്ലൂസ്**





നവീകരിച്ച
എടനാട്
സെന്റ് മേരീസ് പള്ളി

RNI No. 3421/57
Date of Publication: 01-11-2022

Registered: KL/EKM/748/2022-24
Annual Subscription ₹ 150
Per Copy ₹ 15

ERNAKULAM-ANGAMALY MAJOR ARCHEPARCHIAL BULLETIN

# ERNAKULAM MISSAM




Printed and Published by Fr. Biju Varghese for and on behalf of ARCHBISHOP OF ERNAKULAM and Printed at Viani Printing, Viani Buildings No. XXXIX/1524, Lisie Hospital Road, Ernakulam District, Cochin, Kerala-682018 and Published at Major Archbishop's House, Broadway, Ernakulam, Kerala-682031.

Editor: Fr. Biju Varghese